05/01/22

16/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.659 (5)/20/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 3933/SIC-G7/2020**

**ഉത്തരവ് തീയതി : 10.12.2021**

സന്നിഹിത
**ശ്രീമതി. ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ ആന്റണി സണ്ണി എം.ജെ.,
നീതി സംരക്ഷണ സമിതി, മുണ്ടംവേലി പി.ഒ,
കൊച്ചി – 682 507.** } **അപ്പീൽ ഹർജിക്കാരൻ**

Vs

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
രാമേശ്വരം വില്ലേജ് ഓഫീസ്, പള്ളുരുത്തി, കൊച്ചി,
എറണാകുളം – 682 006.**

2. **അപ്പീൽ അധികാരി &
തഹസിൽദാർ (ഭൂരേഖ), കൊച്ചി.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 02.12.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 01.01.2020 |
| ഒന്നാം അപ്പീൽ | 27.01.2020 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 28.02.2020 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 07.03.2020 |
| ഹിയറിംഗ് തീയതി, സ്ഥലം | 10.09.2021 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജി ഓഡിയോ കോൺഫറൻസിലൂടെ തീർപ്പാക്കുന്നതിനായി ഫോൺ നമ്പർ ലഭ്യമാക്കണമെന്ന് കാണിച്ച് 11.08.2021 ന് 3933/എസ്.ഐ.സി–ജി7/2020 എന്ന നമ്പർ കത്ത് മുഖേന ഇരു കൂട്ടർക്കും കമ്മീഷൻ കമ്മീഷൻ സെക്രട്ടറി നിർദ്ദേശം നൽകിയെങ്കിലും എസ്.പി.ഐ.ഒ ഫോൺ നമ്പർ ലഭ്യമാക്കിയില്ല. ആയതിനാൽ അപ്പീൽ ഹർജിയും

ലഭ്യമായ രേഖകളും അപ്പീൽ ഹർജിക്കാരന്റെ വിശദീകരണവും വിശദമായി പരി

ശോധിച്ച് ഈ അപ്പീൽ ഹർജി താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

2. വിശാല കൊച്ചി വികസന അതോറിറ്റിയിൽ നിന്നും രാമേശ്വരം വില്ലേജ് ഓഫീസിലേയ്ക്ക് നൽകിയ 22.12.2012 ലെ 8888/പി.എൽ.2/2012 എന്ന ഫയലിന്റെ പകർപ്പുകൾ ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 01.01.2020 ന് എസ്.പി.ഐ.ഒ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ 27.01.2020 ന് അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ 28.02.2020 ന് തീർപ്പാക്കി ഉത്തരവ് നൽകുകയും ചെയ്തു.

3. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ വ്യക്തമായ മറുപടി ലഭ്യമാക്കിയതായി കാണുന്നില്ല. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് പരമാവധി വേഗത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെങ്കിലും എസ്.പി.ഐ.ഒ മറുപടി ലഭ്യമാക്കിയത് വിവരാവാകാശ അപേക്ഷയ്ക്ക് വിവരം ലഭ്യമാക്കുന്നതിനുള്ള അവസാന ദിവസമാണ്. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 01.01.2020 തീയതിയായി മറുപടി ലഭ്യമാക്കിയപ്പോൾ ഒന്നാമത്തെ ചോദ്യത്തിനൊഴികെ മറ്റ് ചോദ്യങ്ങൾക്ക് "ബാധകമല്ല, ലഭ്യമല്ല, റദ്ദാക്കിയിട്ടുണ്ട്" എന്നിങ്ങനെയുള്ള മറുപടിയാണ് നൽകിയതായി കാണുന്നത്. ഈ മറുപടി ഉചിതമായിട്ടുള്ളതാണെന്ന് കമ്മീഷൻ കാണുന്നില്ല. അപ്പീൽ അധികാരി 28.02.2020 തീയതിയായി തീർപ്പാക്കിയ ഉത്തരവിലും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തവും പൂർണ്ണവുമായി ടിയാന് സൗജന്യമായി ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടും പ്രസ്തുത ഉത്തരവും എസ്.പി.ഐ.ഒ പാലിച്ചതായി കമ്മീഷൻ കാണുന്നില്ല. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ കൃത്യവും വ്യക്തവുമായി നൽകാതിരുന്നതിൽകൂടി എസ്.പി.ഐ.ഒ. യുടെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചതായി പ്രഥമദൃഷ്ട്യാ കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഇപ്രകാരം വീഴ്ച വരുത്തിയ പരാമർശിത

കാലയളവിലെ [illegible]
പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

4. അപ്പീൽ ഹർജിക്കാരൻ 02.12.2019 ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ കൃത്യമായി ടിയാന് ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം കമ്മീഷനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം 2021 ഡിസംബർ മാസം 10-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
Jn